# കേരള നഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ
## രജിസ്ട്രാറുടെ നടപടിക്രമങ്ങൾ

ഫോൺ: 0471-2774116
ഇമെയിൽ: knmcacademic@gmail.com.
വെബ്സൈറ്റ്: www.nursingcouncil.kerala.gov.in, www.knmc.org

----------------

വിഷയം :- കെ.എൻ.എം.സി - അക്കാഡമിക് വിഭാഗം - വിവിധ ആവശ്യങ്ങൾക്കായി ഈടാക്കുന്ന ഫീസ് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം: -1. കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിലിന്റെ 12/11/2019 ലെ 9-ാം നമ്പർ തീരുമാനം.
2. ഈ ആഫീസിലെ 22/11/2019ലെ ഇതേ നമ്പർ ഉത്തരവ്.
3. കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 25/11/2019 ലെ നിവേദനം.
4. കൗൺസിലിന്റെ 30/11/2019 ലെ 11-ാം നമ്പർ തീരുമാനം.

**ഉത്തരവ് നമ്പർ. ബി/67827/19/എൻ.സി തീയതി 03/12/2019**

കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ ഈടാക്കി വരുന്ന ഡ്യൂപ്ളിക്കേറ്റ് മാർക്ക് ലിസ്റ്റ്, റിവൈസ്ഡ് മാർക്ക് ലിസ്റ്റ്, എൻ.ഒ.സി, കോളേജുകളുടെ അഫിലിയേഷൻ ഫീസ് എന്നിവ പുതുക്കി നിശ്ചയിച്ചതിനു പുറമേ ഫീസ് ഈടാക്കാതിരുന്ന ഡൽഹി നഴ്സിംഗ് കൗൺസിലിൽ നിന്നുള്ള കേരള രജിസ്ട്രേഷൻ തിരികെ നൽകുന്നതിനും, ജി.എൻ.എം, എ.എൻ.എം, പോസ്റ്റ് ബേസിക് ഡിപ്ളോമ എന്നീ കോഴ്സുകളിൽ വിദ്യാർത്ഥികളുടെ തുടർ പഠനം എന്നിവയ്ക്ക് പുതുതായി ഫീസ് ഈടാക്കുന്നതിനും പരാമർശം (1) പ്രകാരം കൗൺസിൽ തീരുമാനിക്കുകയും ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം രണ്ട് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ പരാമർശം (3) പ്രകാരം കേരള ഗവൺമെന്റ് നേഴ്സസ് അസോസിയേഷൻ ജനറൽ സെക്രട്ടറി നൽകിയ നിവേദനം 30-11-2019 ൽ കൂടിയ കൗൺസിൽ യോഗം വിശദമായി ചർച്ച ചെയ്യുകയും പരാമർശം (1) പ്രകാരം പുതുക്കി നിശ്ചയിച്ച ഫീസുകൾ പുന:പരിശോധിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ അഫിലിയേഷൻ ഫീസും ജി.എൻ.എം, എ.എൻ.എം, പോസ്റ്റ് ബേസിക് ഡിപ്ളോമ എന്നീ കോഴ്സുകളിൽ പഠനം ഇടയ്ക്ക് വച്ച് നിർത്തിയ വിദ്യാർത്ഥികളുടെ തുടർ പഠനത്തിനുള്ള ഫീസുകൾ ഒഴികെ പരാമർശം (1) പ്രകാരമുള്ള മറ്റെല്ലാ ഫീസുകളും പരാമർശം (4) പ്രകാരം പുതുക്കി നിശ്ചയിക്കുവാൻ കൗൺസിൽ ഐകകണ്ഠേന തീരുമാനിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിൽ പരാമർശം (4) പ്രകാരം ഫീസുകൾ താഴെ വിവരിക്കും പ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | നിലവിലുണ്ടായിരുന്ന ഫീസ് | നിലവിലുള്ള ഫീസ് (22-11-2019) | പുതുക്കി നിശ്ചയിച്ച ഫീസ് |
|---|---|---|---|---|
| 1. | ഡ്യൂപ്ളിക്കേറ്റ് മാർക്ക് ലിസ്റ്റ് (ഒരു കോപ്പി) | Rs.100/- | Rs.500/- | Rs.300/- |
| 2. | റിവൈസ്ഡ് മാർക്ക് ലിസ്റ്റ് (ഒരു കോപ്പി) | Rs 100/- | Rs 500/- | Rs.300/- |
| 3. | എൻ. ഒ. സി. | Rs 300/- | Rs 500/- | Rs 300/- |
| 4. | കോളേജുകളുടെ അഫിലിയേഷൻ ഫീസ് (ഒരു കോഴ്സിന്) | Rs 15,000/- | Rs 20,000/- | Rs 20,000/ |
| 5. | ഡൽഹി നഴ്സിംഗ് കൗൺസിലിൽ നിന്നുള്ള കേരള രജിസ്ട്രേഷൻ തിരികെ നൽകുന്നതിനുള്ള ഫീസ്. | - | Rs 250/- | Rs 200/- |
| 6. | ജി.എൻ.എം., എ.എൻ.എം, പോസ്റ്റ് ബേസിക് ഡിപ്ളോമ കോഴ്സുകളിൽ പഠനം ഇടയ്ക്ക് വച്ച് നിർത്തിയ വിദ്യാർത്ഥികളുടെ തുടർപഠനം - പ്രോസസിങ് ഫീസ് | - | Rs 250/- | Rs 250/- |

KERALA NURSES AND MIDWIVES COUNCIL
RED CROSS ROAD
THIRUVANANTHAPURAM
PIN-695 035
KERALA, INDIA

3/12/19
ഡോ. സലീന ഷാ
രജിസ്ട്രാർ

പകർപ്പ്:
1. ജനറൽ സെക്രട്ടറി, കെ. ജി.എൻ.എ
2. എല്ലാ സ്കൂൾ/കോളേജ് പ്രിൻസിപ്പൽമാർക്ക്
3. എല്ലാ സെക്ഷനുകളിലും
4. പ്രസിഡന്റ്, കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ
5. രജിസ്ട്രാറുടെ സി. എ
6. ..ഡെപ്യൂട്ടി രജിസ്ട്രാർ/സൂപ്രണ്ട്/അക്കൗണ്ടന്റ്
7. കരുതൽ ഫയൽ/അധികം